(സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഏകദേശം 93 കോടി രൂപ.

(ഇ) ഉണ്ട്. കേന്ദ്ര സഹായം ലഭിച്ചില്ലെങ്കിലും പത്താം ക്ലാസ്സുവരെ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. കേന്ദ്രത്തോട് ഈ കാര്യം ആവശ്യപ്പെട്ടിട്ടുമുണ്ട്.

സുനാമി തിരകൾമൂലം തുറമുഖങ്ങൾക്കുണ്ടായ വ്യതിയാനം

11 [*128] ശ്രീ. എ. എൻ. രാജൻബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി തിരകൾമൂലം സംസ്ഥാനത്തെ തുറമുഖങ്ങൾക്ക് ഭൂമിശാസ്ത്രപരമായ എന്തെങ്കിലും വ്യതിയാനം ഉണ്ടായിട്ടുണ്ടോ ;

(ബി) കൊച്ചി, വിഴിഞ്ഞം, ബേപ്പൂർ മുതലായ തുറമുഖങ്ങളിൽ സുനാമിമൂലം മണൽ തിട്ട ഉയർന്നിട്ടുണ്ടോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സുനാമി തിരകളുടെ ആഘാതംമൂലം സംസ്ഥാനത്തെ തുറമുഖങ്ങൾക്ക് ഭൂമിശാസ്ത്രപരമായ വ്യതിയാനങ്ങൾ എന്തെങ്കിലും വന്നിട്ടുണ്ടോയെന്ന് സർവ്വേ നടത്തി കണ്ടെത്തേണ്ടതുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ഹൈഡ്രോഗ്രാഫിക് ഓർഗനൈസേഷനോട് ആവശ്യമായ സർവ്വേ നടത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കൊച്ചി തുറമുഖത്ത് സുനാമി തിരമൂലം മണൽ തിട്ട ഉയർന്നിട്ടില്ല. എന്നാൽ ബേപ്പൂർ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ മണൽ തിട്ട ഉയർന്നിട്ടുണ്ട്.

റവന്യൂ ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും

12 [*129] ശ്രീ. പി. സി. ജോർജ്ജ് :

,, കെ. കെ. ജയചന്ദ്രൻ :

,, കെ. രാധാകൃഷ്ണൻ:

,, കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly